**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.664** **29.05.2019-ൽ മറുപടിക്ക്**

**ആറ്റിങ്ങൽ മണ്ഡലത്തിലെ ചാത്തമ്പാറയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി**

| | ചോദ്യം<br>ശ്രീ ബി.സത്യൻ | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആറ്റിങ്ങൽ മണ്ഡലത്തിലെ ചാത്തമ്പാറയിൽ വോൾട്ടേജ് ക്ഷാമം നേരിടുന്നതായി പരാതി ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) & (ബി) | ചാത്തമ്പാറയിൽ വോൾട്ടേജ് ക്ഷാമത്തെ ക്കുറിച്ചുള്ള ഒരു പരാതി, കരവാരം പഞ്ചായത്ത് തോട്ടയ്ക്കാട് വാർഡ് IX മെമ്പർ ജി.വിനോദ് മുഖാന്തിരം 39 പേർ ഒപ്പിട്ട് ആറ്റിങ്ങൽ സെക്ഷനിൽ ലഭിക്കുകയുണ്ടായി. ഈ പരാതിയുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ പ്രശ്നം നേരിടുന്ന സ്ഥലം പരിശോധിക്കുകയും ട്രാൻസ്ഫോർമർ ലോഡ് ബാലൻസ് ചെയ്ത് ഏതാനും ഉപഭോക്താക്കളുടെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള സിംഗിൾ ഫേസ് ലൈൻ മാറ്റി 3 ഫേസ് ലൈൻ വലിക്കുക വഴി വോൾട്ടേജ് ക്ഷാമം പൂർണ്ണമായും പരിഹരിക്കാൻ സാധിക്കുന്നതാണ്. ആയതിലേയ്ക്ക് 400 മീറ്റർ സിംഗിൾ ഫേസ് ലൈൻ, 3 ഫേസ് ലൈനാക്കി മാറ്റുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രവൃത്തി ഉടൻ തന്നെ ആരംഭിക്കുന്നതാണ്. ആയതിനാൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ അവിടെ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന്റെ ആവശ്യകത ഇപ്പോൾ ഇല്ല. |
| (ബി) | വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി അവിടെ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന കാര്യം വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ